സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പാമ്പുപിടിത്തക്കാരൻപാമ്പുകടിയേറ്റ് മരിച്ചു

തിരു: പാമ്പുപിടിത്തക്കാരൻ പാമ്പുകടിയേറ്റുമരിച്ചു. ചിറയിൻകീഴ് ഈഞ്ചക്കൽ വലിയ ഏലായിൽ അയ്യങ്കാളി പ്രതിമയ്ക്കുസമീപം വാടകയ്ക്ക് താമസിക്കുന്ന കണ്ണൻ എന്ന സന്ദീപ് (33) ആണ് മരിച്ചത്. നാട്ടുകാരുടെ ആവശ്യപ്രകാരം സന്ദീപ് പാമ്പുപിടിക്കാറുണ്ടെന്നാണ് പ്രദേശവാസികൾ പറയുന്നത്. ഇത്തരത്തിൽ പിടികൂടിയ പാമ്പുമായി വീട്ടിലെത്തിയ സന്ദീപിന് ഇന്നലെ രാത്രി പതിനൊന്നരയോടെയാണ് കടിയേറ്റതെന്നാണ് വിവരം. തുടർന്ന് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ നില വഷളായതിനെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനില്ല. ഇന്ന് പുലർച്ചെയോടെയായിരുന്നു മരണം. ഭാര്യ : രജനി. പൊലീസ് മേൽ നടപടികൾ സ്വീകരിച്ചു.

www.swathanthramandapam.com വാള്യം: 62 ലക്കം: 179 2026 ഒക്ടോബർ 08 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഗ്യാനേഷിനെതിരേ പ്രക്ഷോഭം കടുക്കുന്നു: ഇന്നും പ്രതിപക്ഷ സമരം; ബെംഗളൂരുവിൽ സിജെപിയുടെ 'ജനകീയ കോടതി'

ബെംഗളൂരു: ഗ്യാനേഷ് കുമാർ രാജിവെക്കണമെന്നാവശ്യപ്പെട്ട് രാജ്യത്ത് പ്രക്ഷോഭം കടുക്കുന്നു. കഴിഞ്ഞദിവസങ്ങളിൽ ഡൽഹിയിൽ നടന്ന പ്രതിഷേധങ്ങളുടെ തുടർച്ച ഇന്നും ഡൽഹിയിൽ അരങ്ങേറുന്നുണ്ട്. സിജെപിയുടെ നേതൃത്വത്തിൽ ബെംഗളൂരുവിലും ഇന്ന് പ്രതിഷേധ പരിപാടികൾ നടക്കുന്നുണ്ട്. ബെംഗളൂരുവിലെ ഫ്രീഡം പാർക്കിൽ നടക്കുന്ന പരിപാടിയിൽ നടൻ പ്രകാശ് രാജ്, യൂട്യൂബർ ധ്രുവ് റാഠി എന്നിവരും പങ്കെടുക്കുന്നുണ്ട്.

കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇന്ത്യ മുന്നണി ഡൽഹിയിൽ നടത്തുന്ന പ്രതിഷേധത്തിൽ തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുക്കുന്നു. ബുധനാഴ്ച ജന്തർ മന്തറിലേക്ക് പുറപ്പെട്ട പ്രതിപക്ഷ നേതാക്കളെ പോലീസ് തടഞ്ഞതിനെ തുടർന്നാണ് സമരം കൂടുതൽ വ്യാപിപ്പിക്കാൻ പ്രതിപക്ഷ പാർട്ടികളുടെ യോഗം തീരുമാനിച്ചത്. പ്രതിഷേധത്തിന് മുന്നോടിയായി സെൻട്രൽ ഡൽഹിയിലെ സൻസദ് മാർഗ് റൗണ്ട് എബൗട്ടിന് ചുറ്റും പോലീസ് സുരക്ഷ കർശനമാക്കിയിട്ടുണ്ട്.

ബെംഗളൂരു ഫ്രീഡം പാർക്കിലാണ് കോക്രോച്ച് ജനതാ പാർട്ടിയുടെ പ്രതിഷേധ പരിപാടികൾ. കർണാടകയിലുടനീളമുള്ള സിവിൽ സൊസൈറ്റി സംഘടനകളുടെയും സിവിൽ സൊസൈറ്റിയുടെയും പ്രതിനിധികളും ഫ്രീഡം പാർക്കിലെ പ്രതിഷേധത്തിൽ പങ്കെടുക്കും. ജനാധിപത്യ സംരക്ഷണത്തിനായുള്ള പോരാട്ടമാണിതെന്നും സമരത്തിൽ പങ്കാളികളാകാൻ കൂട്ടമായി എത്തണമെന്നും പ്രകാശ് രാജ് കഴിഞ്ഞദിവസം തന്റെ സോഷ്യൽ മീഡിയയിലൂടെ പൗരന്മാരോട് അഭ്യർഥിച്ചിരുന്നു. സമരത്തിൽ താൻ നേരിട്ട് പങ്കെടുക്കുമെന്ന് ധ്രുവ് റാഠി എക്സിൽ പങ്കുവെച്ച വീഡിയോ സന്ദേശത്തിലൂടെ അറിയിച്ചിട്ടുണ്ട്.

പ്രതിഷേധത്തിന്റെ ഭാഗമായി മൂന്ന് പ്രധാന ആവശ്യങ്ങളാണ് സി.ജെ.പി മുന്നോട്ടുവെക്കുന്നതെന്ന് അഭിജീത് ദിപ്കെ പറഞ്ഞു. ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കുകയും അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് എസ്ഐആർ നടപടികൾ ഉടൻ നിർത്തിവെക്കുക, എസ്ഐആർ വഴി ഒഴിവാക്കിയ എല്ലാ വോട്ടർമാരെയും തിരികെ ഉൾപ്പെടുത്തുകയും പുനഃപരിശോധനയ്ക്ക് മുമ്പുണ്ടായിരുന്ന പഴയ വോട്ടർപട്ടിക നിലനിർത്തുകയും ചെയ്യുക, തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനപ്രക്രിയ സ്വതന്ത്രവും നിഷ്പക്ഷവുമാക്കുക എന്നിവയാണ് ആവശ്യങ്ങൾ. തിരഞ്ഞെടുപ്പ് കമ്മീഷൻ അമിത് ഷായുടെയും നരേന്ദ്ര മോദിയുടെയും മാത്രം താല്പര്യത്തിനനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമായി മാറരുതെന്ന് അഭിജീത് ദിപ്കെ ആവശ്യപ്പെട്ടു.

ബെംഗളൂരുവിലെ സമരത്തിന് ശേഷം ഒക്ടോബർ 10-ന് ഡൽഹിയിലെ ജന്തർ മന്തറിലേക്ക് 'ഡൽഹി ചലോ' എന്ന പേരിൽ പ്രതിഷേധത്തിന് സിജെപി ആഹ്വാനം ചെയ്തിട്ടുണ്ട്. എ.ഐ.എസ്.എ, എ.ഐ.എസ്.എഫ്, എസ്.എഫ്.ഐ, എ.എസ്.എ.പി എന്നീ വിവിധ വിദ്യാർഥി സംഘടനകളുടെ സഹകരണത്തോടെയാണ് ഡൽഹിയിൽ സംയുക്ത പ്രക്ഷോഭം സംഘടിപ്പിക്കുന്നത്.

ഡൽഹി പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നതിൽനിന്ന് സിജെപി പ്രവർത്തകരെ തടയാൻ മഹാരാഷ്ട്ര പോലീസ് ഭീഷണിപ്പെടുത്തുന്നതായി അഭിജീത് ദിപ്കെ ആരോപണം ഉന്നയിച്ചിട്ടുണ്ട്.

ഒക്ടോബർ 10-ലെ സിജെപിയുടെ പ്രക്ഷോഭത്തിന് മുന്നോടിയായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഡൽഹിയിൽ വൻ സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഡൽഹിയിലെ കേന്ദ്ര സേനാംഗങ്ങളുടെ എണ്ണം 26,000 ആയി ഉയർത്തിയിട്ടുണ്ട്.

എത്ര ബഹളമുണ്ടാക്കിയാലും തന്റെ പ്രവർത്തനങ്ങൾ തുടരുമെന്ന് മോദി

ഡൽഹി ഗ്യാനേഷ് കുമാറിനെതിരായ പ്രതിഷേധത്തിൽ കോൺഗ്രസിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മറുപടി. എത്ര ബഹളമുണ്ടാക്കിയാലും തന്റെ പ്രവർത്തനം തുടരുമെന്ന് മോദി പറഞ്ഞു

ഡൽഹി പ്രദേശ് കോൺഗ്രസ് കമ്മിറ്റി രാജ്ഘട്ടിൽ ഉച്ചയ്ക്ക് 2.30ന് പ്രതിഷേധ ധർണ സംഘടിപ്പിക്കും. ഡൽഹിയിലെ പൊലീസ് നടപടികളിൽ പ്രതിഷേധിച്ച് കോൺഗ്രസ് പിസിസി തലത്തിൽ കരിദിനം ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി എൻഎസ്യു ഉച്ചയ്ക്ക് തിരഞ്ഞെടുപ്പ് കമ്മിഷൻ ഓഫീസിലേക്ക് മാർച്ച് നടത്തും. അതേസമയം, ഗ്യാനേഷ് കുമാറിനെതിരായ പ്രതിഷേധത്തിൽ കോൺഗ്രസിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മറുപടി. എത്ര ബഹളമുണ്ടാക്കിയാലും തന്റെ പ്രവർത്തനം തുടരുമെന്ന് മോദി പറഞ്ഞു. ഇന്ത്യ മൊബൈൽ കോൺഗ്രസിലായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം.

വെള്ളിയാഴ്ചയ്ക്കുള്ളിൽ 15 നേതാക്കൾക്ക് രാഷ്ട്രപതിയെ കാണാൻ അനുമതി നൽകണമെന്നും ഇന്ത്യാസഖ്യം ആവശ്യപ്പെട്ടു. എന്നാൽ നേതാക്കളുടെ എണ്ണം 10 ആയി കുറയ്ക്കണമെന്ന് രാഷ്ട്രപതി ഭവൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ എതിർപ്പില്ലെന്നാണ് ഇന്ത്യാസഖ്യത്തിന്റെ നിലപാട്. മല്ലികാർജുൻ ഖർഗെ, രാഹുൽ ഗാന്ധി, മമത ബാനർജി തുടങ്ങിയവർ സംഘത്തിലുണ്ടാകും. ഇതിനായി ഇന്ത്യാസഖ്യത്തിലെ മുതിർന്ന നേതാക്കൾ ഉടൻ ഡൽഹിയിലെത്തും.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർക്കെതിരായ സമരത്തിൽ വിജയം നേടുംവരെ പിന്നോട്ടില്ലെന്ന് കോൺഗ്രസ് എംപിമാർ വ്യക്തമാക്കി. ഗ്യാനേഷ് കുമാർ രാജിവയ്ക്കുന്നതുവരെ പ്രതിഷേധം തുടരുമെന്ന് ഡീൻ കുര്യാക്കോസ് എംപി പറഞ്ഞു. പ്രതിപക്ഷ നേതാവിന്റെ നിലപാടാണ് ശരിയെന്ന് രാജ്യം തിരിച്ചറിയുമെന്നും സമരത്തെ അടിച്ചമർത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഹൈബി ഈഡൻ എംപി പ്രതികരിച്ചു.

പി വി അൻവറിന് വീണ്ടും തിരിച്ചടി

തിരു : കെഎഫ്സി വായ്പാ തട്ടിപ്പ് കേസിൽ മുൻ എംഎൽഎ പി വി അൻവറിന് വീണ്ടും തിരിച്ചടി. വിജിലൻസ് കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി വീണ്ടും തള്ളി. 2015-ൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് മാനദണ്ഡങ്ങൾ പാലിക്കാതെ ഒരേ ഈട് വസ്തു കാണിച്ച് വായ്പകൾ എടുത്തുവെന്നതാണ് പി വി അൻവറിനെതിരെയുള്ള ആരോപണം.

മലങ്കുളം കൺസ്ട്രക്ഷൻസ്, പിവിആർ ഡെവലപ്പേഴ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ പേരിലും അൻവറിന്റെ ഡ്രൈവർ സിയാദിന്റെ പേരിലുമായി എടുത്ത വായ്പകൾ തിരിച്ചടക്കാത്തത് വഴി കെഎഫ്സിക്ക് പലിശയടക്കം 22 കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചതായി വിജിലൻസ് കണ്ടെത്തിയിരുന്നു. കള്ളപ്പണ വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ഇ ഡിയും കേസ് എടുത്തതിനെത്തുടർന്ന് അൻവറിന്റെ വീട്ടിലും സ്ഥാപനങ്ങളിലും റെയ്ഡ് നടത്തിയിരുന്നു. തനിക്കെതിരായ കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് അൻവർ ഹൈക്കോടതിയെ സമീപിച്ചത്. തനിക്കെതിരെ ഉയർന്നത് വ്യാജ പരാതിയാണെന്നായിരുന്നു അൻവറിന്റെ വാദം.

പരാതിക്കാരനായ മുരുകേഷ് കേസിലെ തെളിവുകൾ കോടതിയിൽ ഹാജരാക്കിയതിനെത്തുടർന്ന് പി വി അൻവർ തന്നെ സ്വമേധയാ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പിൻവലിക്കുന്നുവെന്ന് അറിയിച്ചതിനെത്തുടർന്നാണ് ഇപ്പോഴത്തെ നടപടി. കഴിഞ്ഞ മാർച്ചിലും ഈ ഹർജി ഹൈക്കോടതി തള്ളിയിരുന്നു.

ചലച്ചിത്ര നടൻ നാനാ പടേക്കർ അന്തരിച്ചു

ഗോവ: ചലച്ചിത്രകാരൻ നാനാ പടേക്കർ (75) അന്തരിച്ചു. ഗോവയിലെ വീട്ടിൽ വച്ച് ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം. 3 തവണ ദേശീയ പുരസ്കാരം നേടിയ ചലച്ചിത്രകാരനാണ് നാനാ പടേക്കർ. 2013ൽ രാജ്യം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചിരുന്നു. ഗോവയിലെ വസതിയിൽ ബോധരഹിതനായി കണ്ടെത്തിയതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ചിരുന്നു. അവിടെ വെച്ചാണ് മരണം സ്ഥിരീകരിക്കുന്നത്.

വ്യാജ ഒപ്പ് വിവാദം: കേസിന് പിന്നാലെ ദീപക്കിനെതിരെ മാനനഷ്ടക്കേസുമായി മേയർ

തിരു: കോർപ്പറേഷനിലെ വ്യാജ ഒപ്പ് വിവാദത്തിൽ സിപിഎം കൗൺസിലർ എസ് പി ദീപക്കിനെതിരെ അഞ്ചുകോടി രൂപയുടെ മാനനഷ്ടക്കേസ് ഫയൽ ചെയ്ത് മേയർ വിവി രാജേഷ്. ആരോപണം തീർത്തും വ്യാജമാണെന്നും പതിനഞ്ചുദിവസത്തിനുള്ളിൽ ആരോപണം പിൻവലിക്കണമെന്നുമാണ് നോട്ടീസിൽ ആവശ്യപ്പെടുന്നത്. വ്യാജ ഒപ്പുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മേയർ ഉൾപ്പെടെ മൂന്നുപേർക്കെതിരെ പൊലീസ് കേസെടുത്തതിന് പിന്നാലെയാണ് മാനനഷ്ടക്കേസ് ഫയൽ ചെയ്തത്. വ്യാജ ഒപ്പ് പരാതിയിൽ കേസെടുത്ത് അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മിഷണർ പ്രാഥമിക പരിശോധനയ്ക്ക് ശേഷം കമ്മിഷണർക്ക് റിപ്പോർട്ട് നൽകിയിരുന്നു. തുടർന്നാണ് വ്യാജരേഖ ചമയ്ക്കൽ, ക്രിമിനൽ ഗൂഢാലോചന എന്നീ കുറ്റങ്ങൾ ചുമത്തി കേസെടുത്തത്.

വാഴോട്ടുകോണം കൗൺസിലർ സുഗതൻ ഒളിവിലായിരുന്നപ്പോൾ നടന്ന കൗൺസിൽ യോഗങ്ങളിൽ ഇയാൾ പങ്കെടുത്തതായി വരുത്തിത്തീർക്കാൻ ഒപ്പ് വ്യാജമായി രേഖപ്പെടുത്തി എന്നാണ് പരാതി. കപ്പാ കേസിൽ ജൂൺ ഒമ്പതിനാണ് സുഗതനെ വട്ടിയൂർക്കാവ് പൊലീസ് അറസ്റ്റ് ചെയ്തത്. എന്നാൽ അറസ്റ്റ് ഭീഷണി നിലനിന്നതിനാൽ അതിന് മുൻപുള്ള കൗൺസിൽ യോഗങ്ങളിൽ സുഗതൻ പങ്കെടുത്തില്ലെന്ന് എൽഡിഎഫ് ആരോപിക്കുന്നു.

ഫെ. 26, മാർച്ച് 11, ഏപ്രിൽ 27 തീയതികളിലെ യോഗങ്ങളിൽ പങ്കെടുത്തില്ലെന്നും ഈ ദിവസങ്ങളിലെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തിയെന്നുമാണ് ആരോപണം. കരുതൽ തടവ് റദ്ദാക്കിയതിനെത്തുടർന്ന് ചൊവ്വാഴ്ചയാണ് സുഗതൻ ജയിൽനിന്ന് പുറത്തിറങ്ങിയത്.



ഈ. മ. യൗ.

മാളിയേക്കൽ ഒല്ലൂക്കാരൻ അന്തോണി മകൻ
ഫ്രാൻസിസ് (O.A. Francis)

ഞങ്ങളുടെ വത്സലപിതാവ് **മാളിയേക്കൽ ഒല്ലൂക്കാരൻ അന്തോണി മകൻ ഫ്രാൻസിസ് (93)** (ഭാര്യ - പരേതയായ ആനി (ഓമന - തൃശൂർ പാലത്തിങ്കൽ കുടുംബാംഗം) ആത്മാവിനു വേണ്ടുന്ന അന്ത്യകൂദാശകൾ സ്വീകരിച്ച് 06-10-2026 ചൊവ്വാഴ്ച രാവിലെ 6 മണിക്ക് നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു.
പരേതന്റെ സംസ്കാര ശുശ്രൂഷ നാളെ (09-10-2026 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു

എന്ന്,

മക്കൾ:
ജിജി (തെരേസ)
പോൾ എ ജെ ഫ്രാൻസിസ് (ജോ)
ഫെലിക്സ് സി ജെ ഫ്രാൻസിസ് (ജോജി)

മരുമക്കൾ:
വി എം ജോസി
ആൻസി
നിർമ്മല (Late)

പേരക്കുട്ടികൾ: ഡോ. നികിത - ഡോ. നിക്കി - ഈവ - ഈഥൻ
ഡോ. നിതിഷ, ഡോ. നിയ

സെന്റ് ലൂക്ക കുടുംബയൂണിറ്റ്
കിഴക്കുമുറി,
08-10-2026.

ഈ. മ. യൗ

ഞങ്ങളുടെ പ്രിയ മകൻ ജിബിൻ (38 വയസ്സ്) ആത്മത്തിനുവേണ്ടുന്ന അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2026 ഒക്ടോബർ 08-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 7.30ന് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസന സമേതം അറിയിച്ചുകൊള്ളുന്നു.

സംസ്കാരകർമ്മം 08-10-2026 വ്യാഴാഴ്ച വൈകീട്ട് 5.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സംസ്കാര ശുശ്രൂഷകളിൽ പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

എന്ന്,
കൊടിയൻ ജിമ്മി & ബിജി ജിമ്മി
ഭാര്യ : റിയ ജിബിൻ
മക്കൾ : ജോ ജിബിൻ, ജോഷ്വാ ജിബിൻ
സഹോദരൻ : ജോബിൻ ജിമ്മി

കൊടിയൻ ജിമ്മി മകൻ
ജിബിൻ

വടക്കെ തൊറവ്
പുതുക്കാട്
08-10-2026

ഇമ്മാനുവേൽ കുടുംബയൂണിറ്റ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

പോഷകാഹാര പ്രദർശനം നടത്തി

ഇരിങ്ങാലക്കുട: ആളൂർ ഗ്രാമ പഞ്ചായത്തും വനിതാ ശിശു വികസന വകുപ്പും ചേർന്നു ആളൂർ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയ 'പോഷൻ മ' ആളൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. സി. ഷണ്മുഖന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് റോസിലി ഫ്രാൻസിസ് ഉദ്ഘാടനം നിർവഹിച്ചു. ക്ഷേമ കാര്യാ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബാബു ടി ഐ സ്വാഗതം ആശംസിച്ചു.

പോഷകാഹാര പ്രദർശനം നടത്തി. കുഴിക്കാട്ടുശേരി ആയുർവേദ ഹോസ്പിറ്റലിലെ ഡോക്ടർ ഗ്രീഷ്മ ക്ലാസ്സ് നയിച്ചു. ഐ സി ഡി എസ് സൂപ്പർ വൈസർമാരായ ഷീബ സി കെ, അന്നം ഫീനിക്സ് എന്നിവർ സംസാരിച്ചു

ഉപജില്ല സ്കൂൾ കലോൽസവം അവിട്ടത്തൂരിൽ; സംഘാടക സമിതി രൂപീകരിച്ചു

അവിട്ടത്തൂർ : നവംബർ 10, 11, 12, 13 തിയ്യതികളിൽ എൽ. ബി. എസ്. എം. ഹയർ സെക്കണ്ടറി സ്കൂൾ, ഹോളി ഫാമിലി എൽ.പി. സ്കൂൾ എന്നിവിടങ്ങളിലായി നടക്കുന്ന ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ല കേരള സ്കൂൾ കലോൽസവത്തിന്റെ സംഘാടകസമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്തംഗം ജോസ് ജെ. ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. വേളൂക്കര ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.വി. സതീശൻ അധ്യക്ഷത വഹിച്ചു. ഡി.ഇ. ഒ. എം.വി. ഉഷ, എ. ഇ. ഒ. എം.എസ്. രാജീവ്, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വത്സല ബാബു, ബ്ലോക്ക് മെമ്പർ ശ്രീഷ്മ സലീഷ്, പഞ്ചായത്ത് മെമ്പർമാരായ ബിനോയ്, ഉജിത സുരേഷ്, സി.എ സ്. ഓമനക്കുട്ടൻ, വി. ബിന്ദു, വിദ്യ നെഹ്നു, സ്കൂൾ മാനേജർ എ.സി. സുരേഷ്, പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, പ്രധാന്ധ്യാപിക എൻ.എസ്. രജനിശ്രീ, സിസ്റ്റർ . ജസീന, രജനി എൻ.പി., എൻ.എസ്. പ്രസാദ്, ജോബി മാസ്റ്റർ, ജോമോൻ ജോസ്, പി.ജി. ഉല്ലാസ് എന്നിവർ പ്രസംഗിച്ചു.

വേളൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ഉണ്ണികൃഷ്ണൻ (ചെയർമാൻ), പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ് (ജനറൽ കൺവീനർ), എ. ഇ. ഒ. എം.എസ്. രാജീവ് (ട്രഷറർ) എന്നിവരടങ്ങിയ 251 അംഗ സംഘാടക സമിതി രൂപീകരിച്ചു.

വിശുദ്ധ എവുപ്രാസ്യയുടെ 149-ാമത് ജന്മദിന തിരുനാൾ 8 മുതൽ

കാട്ടൂർ : വിശുദ്ധഎവുപ്രാസ്യയുടെ 149-ാമത് ജന്മദിന തിരുനാൾ ഈ മാസം 8 മുതൽ 17 വരെ കാട്ടൂർ ജന്മഗ്രഹത്തിൽ ആ ഘോഷിക്കുന്നു. ഇന്ന് വൈകീട്ട് 5.30 ന് ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ ഫാ : ഡോ : ആന്റു ആലപ്പാടൻകൊടി കയറ്റം നിർച്ചഹിക്കും. 17ന് വൈകീട്ട് 4ന് ആഘോഷമായ വി കുർബാന പ്രദക്ഷിണത്തിന് ഹൊസൂർ രൂപതാ ബിഷപ്പ് സെബാസ്റ്റ്യൻ പൊഴോലി പറമ്പിൽ നേതൃത്വം നൽകും ഫാ ജോയ് പാല്യേക്കർ ഫാ. ജേക്കബ്ബ് കുറ്റിക്കാടൻ എന്നിവർ നേതൃം നൽകും.

റോഡ് പൂർത്തിയാക്കാതെ നാട്ടിക ടോൾപ്ലാസ തുറക്കരുത് : വെൽഫെയർ പാർട്ടി

നാട്ടിക: റോഡ് പണി പൂർത്തിയാക്കാതെ എൻ.എച്ച്. 66ൽ നാട്ടികയിൽ ടോൾ പ്ലാസ പ്രവർത്തനക്ഷമമാക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധം തുടരുമെന്ന് വെൽഫെയർ പാർട്ടി.

റോഡ് നിർമ്മാണം പൂർത്തിയാകും മുമ്പ് ടോൾ പിരിവ് തുടങ്ങുന്നത് അനീതിയാണ്. പാലം പണികളും സർവീസ് റോഡുകളും പൂർത്തിയാവാനുണ്ട് എന്നിരിക്കെ ടോൾ പ്ലാസയിൽ പിരിവ് ആരംഭിക്കാനുള്ള നീക്കം ചെറുക്കപ്പെടണം. വരും ദിവസങ്ങളിൽ സമരം ശക്തിപ്പെടുത്തുമെന്നും വെൽഫെയർ പാർട്ടി തൃശൂർ ജില്ലാ പ്രസിഡന്റ് അഡ്വ. കെ.എസ്. നിസാർ പറഞ്ഞു. വെൽഫെയർ പാർട്ടി തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് നാട്ടിക ടോൾ പ്ലാസയിലേക്ക് നടത്തിയ മാർച്ചും ഉപരോധ സമരവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മേൽപ്പാലങ്ങൾ, അടിപ്പാതകൾ, സർവീസ് റോഡുകൾ എന്നിവയുടെ നിർമ്മാണം പലയിടത്തും ഇപ്പോഴും അപൂർണ്ണമായി കിടക്കുകയാണ്. ഇതിനുപുറമെ തെരുവുവിളക്കുകൾ സ്ഥാപിക്കാനോ സുരക്ഷാ സംവിധാനങ്ങൾ പൂർത്തിയാക്കാനോ അധികൃതർ തയ്യാറായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് മുമ്പ് തന്നെ ജനങ്ങളെ പിഴിഞ്ഞു ടോൾ പിരിക്കാനുള്ള നീക്കം യാതൊരു കാരണവശാലും അംഗീകരിക്കാനാകില്ലെന്ന് അദ്ദേഹം പറഞ്ഞു.

പണി പൂർത്തിയാകാത്ത പാതയിലൂടെ അപകടഭീതിയോടെ യാത്ര ചെയ്യേണ്ടിവരുന്ന ജനങ്ങൾക്ക് മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നത് അനീതിയാണെന്നും, നിർമ്മാണ പ്രവർത്തനം മുഴുവനായി പൂർത്തീകരിക്കുന്നത് വരെ ടോൾ പിരിവിൽ നിന്ന് അധികൃതർ പിന്മാറണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു. വെൽഫെയർ പാർട്ടി ജില്ലാ ജനറൽ സെക്രട്ടറി റക്കീബ് തറയിൽ അധ്യക്ഷത വഹിച്ചു.സംസ്ഥാന കമ്മിറ്റി അംഗം എം കെ അസ്ലം, ജില്ലാ വൈസ് പ്രസിഡന്റ് മാരായ റഷീദ് മാസ്റ്റർ, സരസ്വതി വലപ്പാട്.എന്നിവർ സംസാരിച്ചു. നാട്ടിക മണ്ഡലം പ്രസിഡന്റ് ഹാരിസ് വി. എ നന്ദി പറഞ്ഞു. ജില്ലാ സെക്രട്ടറി സുഹൈബ് അലി, ജില്ലാ എക്സിക്യൂട്ടിവ് അംഗം നവാസ് കെ. എസ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ സി. ആർ ഹനീഫ, ഷാജഹാൻ എളനാട്, ഹംസ എളനാട് ഫൈസൽ വലിയറ , ഷെമീറ നാസർ, നാട്ടിക മണ്ഡലം സെക്രട്ടറി അസ്ലം എന്നിവർ പ്രതിഷേധത്തിന് നേതൃത്വം നൽകി

ചാവക്കാട് താലൂക്ക് ആശുപത്രി കെട്ടിടോദ്ഘാടനം നവംബറിൽ പ്രവർത്തനം ഊർജ്ജിതമാക്കാൻ എം.എൽ.എ.യുടെ നിർദ്ദേശം

ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പുതിയ കെട്ടിടത്തിൻറെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അടിയന്തരമായി ചെയ്ത് തീർക്കേണ്ട പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത്, ആരോഗ്യം, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പു ദ്യോഗസ്ഥരുടെ യോഗം ഗുരുവായൂർ എം.എൽ.എ. എൻ.കെ. അക്ബറിൻറെ അദ്ധ്യക്ഷതയിൽ ചാവക്കാട് പി.ഡബ്ലിയു.ഡി റെസ്റ്റ് ഹൌസിൽ ചേർന്നു. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ എ.എച്ച്. അക്ബർ യോഗത്തിൽ പങ്കെടുത്തു. നവംബറിൽ ആശുപത്രി കെട്ടിടത്തിൻറെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി നിർവ്വഹിക്കുമെന്നും അതിനു മുമ്പായി ചെയ്തു തീർക്കേണ്ട പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു. നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റിയ മഹാത്മാഗാന്ധി പ്രതിമ,യോജ്യമായ സ്ഥലത്ത് സ്ഥാപിക്കാൻ തീരുമാനമായി. പുതിയ കെട്ടിടത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുന്നതിന് കെ.എസ്. ഇ. ബി. യെ ചുമതലപ്പെടുത്തി. ആശുപത്രിയുടെ വൈദ്യുതി കണക്ഷൻ എച്ച്.ടി. ലൈനാക്കി മാറ്റണമെന്നുള്ള കെ.എസ്.ഇ.ബി. യുടെ ആവശ്യം പരിഗണിച്ച് ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തി. ലിഫ്റ്റ് സൌകര്യം എത്രയും വേഗം ഏർപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാനും ഇലക്ട്രിക്കൽ വിഭാഗത്തിന് നിർദ്ദേശം നൽകി. എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിയ്ക്കാമെന്ന് എം.എൽ.എ. അറിയിച്ചു.

പുതിയ വാർഡിലേക്കും കാഷ്വാലിറ്റി കോംപ്ലക്സിലേക്കും ആവശ്യമായി വരുന്ന ആശുപത്രി ഉപകരണങ്ങൾ, ബെഡ് മുതലായവ അടിയന്തരമായി ലഭ്യമാക്കാൻ ആശുപത്രി സൂപ്രണ്ടിനെയും പൊതുമരാമത്ത് എക്സി.എഞ്ചിനീയറെയും യോഗം ചുമതലപ്പെടുത്തി. ഉദ്ഘാടനത്തിന് മുന്നോടിയായി വാർഡുകളിലേക്ക് രോഗികളെ ഷിഫ്റ്റ് ചെയ്യുന്ന നടപടികളും ആരംഭിക്കാൻ ആശുപത്രി സൂപ്രണ്ടിന് എം.എൽ.എ. നിർദ്ദേശം നൽകി. യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരെല്ലാം പങ്കെടുത്തു.

കൊടിയൻ ജിമ്മി മകൻ ജിബിൻ നിര്യാതനായി

പുതുക്കാട്: കൊടിയൻ ജിമ്മി മകൻ ജിബിൻ (38) ഇന്ന് രാവിലെ നിര്യാതനായി. സംസ്കാരം വൈകീട്ട് 5.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ. ഭാര്യ-റിയ ജിബിൻ, മക്കൾ-ജോ ജിബിൻ, ജോഷ ജിബിൻ, അമ്മ: ബിജി ജിമ്മി, സഹോദരൻ- ജോബിൻ ജിമ്മി.

അഡ്വ.എ.ഡി. ബെന്നിക്ക് സേവന രത്ന പുരസ്കാരം സമർപ്പിച്ചു

കൊച്ചി: വേറിട്ട മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളെ മാനിച്ച് അഡ്വ.എ.ഡി. ബെന്നിക്ക് സേവന രത്ന പുരസ്കാരം സമർപ്പിച്ചു. ആർ.ടി. ഐ.കൗൺസിൽ എറണാകുളം ആശിർഭവൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഉപഭോക്തൃ സംഗമത്തിൽ വെച്ചാണ് ഫിഷറീസ് വകുപ്പ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ, അഡ്വ. എ.ഡി., ബെന്നിക്ക് പുരസ്കാരം നൽകി ആദരിച്ചത്.

ഉപഭോക്തൃ കേസുകൾ നടത്തി റെക്കോഡിട്ടിട്ടുള്ള ബെന്നി വക്കീൽ ഉപഭോക്തൃ വിദ്യാഭ്യാസ രംഗത്ത് സജീവമായി ഇടപെട്ടു വരുന്നു. സാംസ്കാരിക രംഗത്തും ജീവകാരുണ്യരംഗത്തും ബെന്നി വക്കീൽ സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക സെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തിലധികം വീഡിയോകളും ബെന്നി വക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്.

വൃക്കരോഗികൾക്ക് വേണ്ടി പ്രവർത്തിച്ചു വരവെ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് തിരിച്ചു വന്ന ബെന്നി വക്കീലിന്റെ ജീവചരിത്ര ഗ്രന്ഥം പത്മവ്യൂഹം ഭേദിച്ച് പ്രചോദനാത്മകമാണ്. ചടങ്ങിൽ എറണാകുളം എം. എൽ. എ. ടി. ജെ. വിനോദ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കൊച്ചിൻ കോർപ്പറേഷൻ മേയർ അഡ്വ വി. കെ. മിനിമോൾ, മുൻ എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു, ഫാ. ഷൈൻ പോളി, സിസ്റ്റർ ജോസഫൈൻ ജോസഫ്, സാബു ജോർജ്, പ്രിൻസ് തെക്കൻ, അർജുൻ കെ. മേനോൻ എന്നിവർ പ്രസംഗിച്ചു.

നിര്യാതനായി ഫ്രാൻസിസ്



പുതുക്കാട്: മാളിയേക്കൽ ഒല്ലുക്കാരൻ അന്തോണി മകൻ ഫ്രാൻസിസ് (93) നിര്യാതനായി. (ഭാര്യ -പരേതയായ ആനി (ഓമന-തൃശൂർ പാലത്തിങ്കൽ കുടുംബാംഗം). സംസ്കാര ശുശ്രൂഷ നാളെ (09-10-2026 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. മക്കൾ: ജിജി (തെരേസ), പോൾ ജെ ഫ്രാൻസിസ് (ജോ), ഫെലിക്സ് സിജെ ഫ്രാൻസിസ് (ജോജി). മരുമക്കൾ: വി എം ജോസി, ആൻസി, പരേതയായ നിർമ്മല, പേരക്കുട്ടികൾ: ഡോ. നികിത-ഡോ. നിക്കി-ഈവ-ഈഥൻ, ഡോ. നിതിഷ, ഡോ. നിയ.

സ്വച്ഛതാ ഹി സേവാ 'കയ്യോടു കൈയോടു കൈ'

ഇരിഞ്ഞാലക്കുട: മുനിസിപ്പാലിറ്റി വാർഡ് 27 (കാരുകുളങ്ങര)വിദ്യോദയ ഇംഗ്ലീഷ് മീഡിയം സ്കൂളുമായി ചേർന്ന് "സ്വച്ഛതാ ഹി സേവാ കയ്യോടു കൈ" ക്യാമ്പയിൻ സംഘടിപ്പിച്ചു.

വിദ്യോദയ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഹെഡ്മാസ്റ്റർ വി. എ. ഹരിദാസ്, അധ്യാപകർ, സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും ഒരുമിച്ച് പങ്കെടുത്ത് ശുചിത്വത്തിന്റെ പ്രാധാന്യവും സ്വച്ഛതാ ഹി സേവയുടെ സന്ദേശവും മനോഹരമായി ദൃശ്യവൽക്കരിച്ചു.

"ശുചിത്വം നമ്മുടെ ഉത്തരവാദിത്വമാണ്; ശുചിത്വമുള്ള നാടാണ് ആരോഗ്യകരമായ നാടിന്റെ അടിത്തറ."

നമ്മുടെ വീടും പരിസരവും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാം ശുചിത്വം ശീലമാക്കാം, സേവനമാക്കാം.

വാർഡ് കൗൺസിലർ ശ്രീമതി. സുജാ സഞ്ജീവ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ നിസാർ എ, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരായ ശ്രീമതി. ഇന്ന, ലേഖ, സിഗ്മ, ശുചിത്വ മിഷൻ യങ് പ്രൊഫഷണൽ അജിത്ത് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

"കയ്യോടു കൈ ചേർത്ത്, ശുചിത്വമുള്ള നാടിനായി...

"സ്വച്ഛതാ ഹി സേവാ ശുചിത്വം സേവനമാണ്. "